**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 416** **02-02-2023 - ൽ മറുപടിയ്ക്ക്**

**ക്ഷേമനിധി ബോർഡുകളുടെ നിയന്ത്രണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. രാജ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | വിവിധ ക്ഷേമനിധി ബോർഡുകളുടെ നടത്തിപ്പ ചെലവ് വർദ്ധിക്കുന്നത് പരിഗണിച്ച് ബോർഡുകളിൽ ധനകാര്യ വകുപ്പ് ഉദ്യോഗസ്ഥരെ അന്യത്ര സേവനത്തിൽ നിയമിക്കുന്നതിന് പകരം ക്ഷേമനിധി ബോർഡുകളുടെ നിയന്ത്രണം ധനകാര്യ വകുപ്പിലെ ഒരു സെക്ഷനിൽ നിക്ഷിപ്തമാക്കുന്നതിന് തടസ്സമുണ്ടോ; എങ്കിൽ വിശദവിവരം അറിയിക്കാമോ? | (എ) | ക്ഷേമനിധി ബോർഡുകളിൽ അംഗമായവർക്ക് വിവിധ ആനുകൂല്യങ്ങൾ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് സംസ്ഥാനത്തെ വിവിധ ക്ഷേമനിധി ബോർഡുകൾ പ്രവർത്തിക്കുന്നത്. ഓരോ ബോർഡും അവരുടെ ആക്റ്റിലെ വ്യവസ്ഥകൾക്കനുസരിച്ചാണ് പ്രവർത്തി-ക്കുന്നത്. കൃത്യമായി അംശാദായമൊടു-ക്കുന്ന തൊഴിലാളികൾക്ക് ആനുകൂല്യം ഉറപ്പാക്കുക എന്നതാണ് ക്ഷേമനിധി ബോർഡുകളുടെ ഏറ്റവും പ്രധാന കടമ. ഇതിനായുള്ള പ്രവർത്തനങ്ങൾ ഏകോ-പിപ്പിച്ച് ബോർഡിനും സർക്കാരിനും ഇടയിൽ ഒരു കണ്ണിയായി പ്രവർത്തി-ക്കുന്നത് ധനകാര്യ വകുപ്പിൽ നിന്നും വിവിധ ക്ഷേമനിധി ബോർഡുകളിലേയ്ക്ക് അന്യത്ര സേവനത്തിൽ പോകുന്ന ഉദ്യോഗസ്ഥരാണ്. കരാർ ജീവനക്കാരും, ദിവസവേതനക്കാരും സേവനമ-നുഷ്ഠിക്കുന്ന ക്ഷേമനിധി ബോർഡുകളിൽ വളരെ സുതാര്യമായ ധനകാര്യ മാനേജ്മെന്റ് ഉറപ്പാക്കുന്നതിനു ഈ ഉദ്യോഗസ്ഥരുടെ സേവനങ്ങൾ ആവശ്യമുണ്ട്.<br><br>ധനവകുപ്പിൽ ക്ഷേമനിധി ബോർഡുകളുടെ ധനപരമായ നയം രൂപീകരിക്കുന്നതിനും; വിവിധ വിഷയ-ങ്ങളിൽ ബോർഡുകൾക്ക് ഉപദേശം നല്കുന്നതിനുമായി സെല്ലുകൾ പ്രവർത്തിച്ച് വരുന്നുണ്ട്. നിലവിൽ ഫിനാൻസ് ഓഫീസർമാരാണ് ഓരോ ബോർഡി-ന്റെയും സാമ്പത്തിക കാര്യങ്ങൾ കാര്യക്ഷമമാക്കുന്നതിനുള്ള യഥാർഥ ചുമതലകൾ കൈകാര്യം ചെയ്യുന്നത്. ധനപരമായ പ്രവർത്തനങ്ങൾ എകോ-പിപ്പിക്കുന്നതിനും സർക്കാരിൽ നിന്നും ഫണ്ട്/ഗ്രാന്റ് എന്നിവ സമയ-ബന്ധിതമായി ലഭ്യമാക്കി, ബോർഡുകളുടെ പ്രവർത്തനം തടസങ്ങളില്ലാതെ നടപ്പാക്കുന്നതിനും, |

| | | | |
|---|---|---|---|
| | | | അതുവഴി അത്തരം വിഷയങ്ങളിൽ വേഗത്തിൽ തീരുമാനം എടുക്കുന്നതിനും ബോർഡുകളിൽ ധനകാര്യവകുപ്പ് ഉദ്യോഗസ്ഥരെ അന്യത്ര സേവനത്തിൽ നിയോഗിക്കുന്നത് വളരെ അത്യാവശ്യമാണ്.<br><br>ഇതിനു പകരമായി ക്ഷേമനിധി ബോർഡുകളുടെ നിയന്ത്രണത്തിന്റെ ചുമതല ധനകാര്യ വകുപ്പിലെ ഒരു സെക്ഷനിൽ മാത്രം നിക്ഷിപ്തമാക്കുന്നത് പ്രായോഗികമല്ല. വിവിധ ക്ഷേമനിധി ബോർഡുകളുടെ നിയന്ത്രണം ധനകാര്യ വകുപ്പിലെ ഒരു സെക്ഷനിൽ മാത്രം നിക്ഷിപ്തമാക്കുന്നതിലൂടെ ബോർഡിന്റെ സാമ്പത്തിക കാര്യങ്ങളിൽ തീരുമാനം എടുക്കുന്നതിൽ അനാവശ്യ കാല-വിളംബത്തിനു ഇടയാക്കുകയും; ഫയലുകൾ നേരിട്ട് ധനകാര്യ വകുപ്പിൽ എത്തുന്നത് വഴി ധനകാര്യ വകുപ്പിലെ ജോലി ഭാരം അധികരിക്കപ്പെടുകയും ചെയ്യും. ആയതിനാൽ, ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം കാര്യക്ഷമ<br><br>മായി നടപ്പിലാക്കുന്നതിലേയ്ക്കായി ബോർഡുകളുടെ ഇന്നത്തെ രൂപത്തിലുള്ള ക്രമം തുടരുന്നതാണ് അഭികാമ്യം. |

സെക്ഷൻ ഓഫീസർ